പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2535 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി ടൈബൽ സർവ്വകലാശാല

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പാറക്കൽ അബ്ദുല്ല
ശ്രീമതി ഫാത്തിമ തഹിലിയ
ശ്രീ. നജീബ് കാന്തപുരം
ശ്രീ. മഞ്ഞളാംകുഴി അലി

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) ആദിവാസികളുടെ വിദ്യാഭ്യാസവും തൊഴിലും മെച്ചപ്പെടുത്തുന്നതിനായി ടൈബൽ സർവ്വകലാശാല സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ;

മറുപടി: വയനാട് ജില്ലയിൽ ഒരു ടൈബൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന്റെ ഭാഗമായി 11 അംഗങ്ങൾ ഉള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചിട്ടുണ്ട്.

(ബി) സർവ്വകലാശാലയുടെ പ്രവർത്തനപരിധിയിൽ ഗോത്രവർഗ്ഗ-ആദിവാസികളുടെ പാരമ്പര്യ അറിവുകളുടെ സംരക്ഷണം, സംസ്കാരം, ഗവേഷണം എന്നിവ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത സർവ്വകലാശാല എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ